**(11) നെയ്യാറ്റിൻകര പെരുങ്കടവിള പഞ്ചായത്തിലെ ഇടിഞ്ഞിയിൽ ഒരു പുതിയ സബ്സ്റ്റേഷന് പണി ആരംഭിക്കുവാനും നെയ്യാറ്റിൻകരയിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തുവാനും വെള്ളറടയിൽ അനുവദിച്ച 33 കെ.വി. സബ്സ്റ്റേഷന്റെ പണി ആരംഭിക്കുവാനും നടപടി**

*ശ്രീ. തമ്പാനൂർ രവി:* സർ, സംസ്ഥാനത്ത് വൈദ്യുത വിതരണരംഗത്ത് ഏറ്റവും അവസാനത്തെ ഭാഗമാണ് നെയ്യാറ്റിൻകര. നിരന്തരമുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ പലപ്പോഴും അവിടെ വിദ്യുച്ഛക്തി തകരാർ ഉണ്ടാക്കുകയാണ്. അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമവുമുണ്ട്. 66 കെ.വി. സബ് സ്റ്റേഷൻ ഇപ്പോൾ നെയ്യാറ്റിൻകരയിലുണ്ട്. 110 കെ. വി. സബ്സ്റ്റേഷൻ കാട്ടാക്കടയിലുണ്ട്. 110 കെ. വി. സബ്സ്റ്റേഷൻ പാറശ്ശാലയിലുണ്ട്. ഈ മൂന്നു പ്രദേശത്തുനിന്നുമാണ് നെയ്യാറ്റിൻകരയ്ക്ക് വിദ്യുച്ഛക്തി ലഭിക്കുന്നത്. പ്രകൃതിക്ഷോഭം കാരണം പലപ്പോഴും പ്രശ്നം ഉണ്ടാകുന്നുണ്ട്. പെരുങ്കടവിള പഞ്ചായത്തിൽ ഇടിഞ്ഞി കേന്ദ്രമാക്കി 110 കെ. വി. സബ്സ്റ്റേഷൻ വേണമെന്ന നിരന്തരമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പലതവണ നിവേദനം കൊടുത്തു. മന്ത്രിതന്നെ വിളിച്ച ഒരു കോൺഫറൻസിൽ അതിനെ സംബന്ധിച്ച ഉറപ്പുനൽകിയതാണ്. അതിനു അടിയന്തിരമായി നടപടി സ്വീകരിക്കണം. നെയ്യാറ്റിൻകരയിലുള്ള 66 കെ. വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനായി കൺവെർട്ടു ചെയ്യണം. രണ്ടു വർഷങ്ങൾക്കു മുമ്പ് വെള്ളറടയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ അനുവദിച്ചു. അതിന്റെ പണി ആരംഭിച്ചിട്ടില്ല. അതിന്റെ പണി ആരംഭിച്ച് നെയ്യാറ്റിൻകരയിലെ അതിരൂക്ഷമായ വൈദ്യുതി ക്ഷാമത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, നെയ്യാറ്റിൻകര താലൂക്കിൽ ഇടിഞ്ഞി എന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യവും വെള്ളറടയിലെ 33 കെ. വി. സബ്സ്റ്റേഷന്റെ കാര്യവും ബോർഡിന്റെ പരിഗണനയിലാണ്. അതേയവസരത്തിൽ നെയ്യാറ്റിൻകരയിലെ 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്താനുള്ള നടപടികളും ബോർഡ് കൈക്കൊണ്ടുവരികയാണ്. 3-9-2003-ൽ ബോർഡ് ഇതിനുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി ഒരേക്കർ സ്ഥലം വേണം. ആ സ്ഥലമെടുക്കാൻ കളക്ടർ ചെയർമാനായിട്ടുള്ള ഒരു നെഗോഷിയേറ്റിംഗ് കമ്മിറ്റി, 21-11-2003-ൽ ഗവൺമെന്റ് ഓർഡറും പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly